**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** — **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ചികിത്സാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം രാജഗോപാലൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മാരകരോഗം ബാധിച്ച മത്സ്യതൊഴിലാളികൾക്ക് അഞ്ച് വർഷത്തെ തുടർചികിത്സാ സഹായം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ചികിത്സാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്ക് എത്ര തുക വരെ സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | മാരക രോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തുടർ ചികിത്സാ സഹായം ഉറപ്പു വരുത്തുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതി ആയി തീരാരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങളും തുകയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം 1,2 ആയി ചേർക്കുന്നു. 2022-23 മുതൽ സാന്ത്വനതീരം എന്ന പേരിലാണ് പദ്ധതി തുടർന്ന് നടപ്പാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; പദ്ധതി പ്രകാരം മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഒരുപോലെ സഹായം ലഭ്യമാകുമോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | മാരക രോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തുടർ ചികിത്സാ സഹായം ഉറപ്പു വരുത്തുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതി ആയി തീരാരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങളും തുകയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം 1,2 ആയി ചേർക്കുന്നു. 2022-23 മുതൽ സാന്ത്വനതീരം എന്ന പേരിലാണ് പദ്ധതി തുടർന്ന് നടപ്പാക്കുന്നത്. |
| (സി) | മത്സ്യതൊഴിലാളി അനുബന്ധ തൊഴിലാളി അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇൻഷ്വറൻസ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ട്.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ള അനുബന്ധ തൊഴിലാളികൾക്കും അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. 2018-19 മുതൽ ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷത്തിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു. |
| (ഡി) | മത്സ്യതൊഴിലാളികൾ മരണപ്പെട്ടാൽ കുടുംബത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ചില ക്ലെയിമുകൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാറുണ്ട്. ദീർഘകാലമായി അനുവദിക്കാൻ കാലതാമസം ഉണ്ടായ കേസുകളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 28.12.2021, 16.01.2022 തീയതികളിൽ ഇപ്രകാരം അദാലത്ത് സംഘടിപ്പിച്ചിരുന്നു. 146 പേർക്ക് 14.21 കോടി രൂപ അദാലത്തിലൂടെ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഇൻഷ്വറൻസ് കമ്പനികൾ മുഖേന മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ക്ലെയിം ആനുകൂല്യം കാലതാമസം കൂടാതെ ലഭിക്കുന്നതിനായി മത്സ്യഫെഡ് യഥാസമയം ഇടപെടൽ നടത്തുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

# തീരാരോഗ്യം പദ്ധതി

## മാർഗരേഖ

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട് മാരകരോഗ ചികിത്സാ സഹായം എന്ന പദ്ധതി മത്സ്യബോർഡ് നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ ഒരു അംഗത്തിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുന്നുള്ളൂ. മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും തുടർചികിത്സക്ക് സഹായം നൽകുന്നതിനാണ് കേരള സർക്കാർ 2021 ൽ തീരാരോഗ്യം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ഈ പദ്ധതിക്കായി പരിഗണിക്കുന്ന രോഗചികിത്സകൾ ചുവടെ ചേർക്കുന്നു.

1. ഡയാലിസിസ്
2. കാൻസർ ചികിത്സ
3. തളർവാതം/കിടപ്പുരോഗം ചികിത്സ
4. സ്ത്രീ സംബന്ധ രോഗങ്ങൾക്കുള്ള ചികിത്സ
5. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്കുശേഷം ഉള്ള ചികിത്സ
6. കരൾ രോഗത്തിനുള്ള ചികിത്സ (സിറോസിസ്)
7. ഓട്ടിസം ബാധിച്ച/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിത്സ

**നിബന്ധനകൾ**

1. അപേക്ഷകൻ മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം, ആദ്യമായി വിഹിതം അടച്ച് 3 വർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടച്ചിരിക്കണം.
2. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
3. കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലായിരിക്കരുത്.
4. സർക്കാർ ആശുപത്രിയിലെയും, സഹകരണ ആശുപത്രിയിലെയും ചികിത്സയ്ക്കു മാത്രമെ ധനസഹായം ലഭിക്കുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന കേസുകളിൽ അവിടുത്തെ ചികിത്സയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം**

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ട ത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

1. വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
2. സർക്കാർ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.

3. സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുെങ്കിൽ ആയതിനുള്ള രേഖ
4. ചികിത്സാ ചിലവിലേക്കുള്ള ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയത്.
5. രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയൊന്നുമില്ലെങ്കിൽ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
6. മത്സ്യബോർഡ് പാസ്സ്ബുക്കിന്റെ ശരിപകർപ്പ് -ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
7. ചികിത്സിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്.

താഴെ പറയുന്ന സ്വകാര്യ ആശുപത്രികളിൽ നേരിട്ട് ചികിത്സ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും/അനുബന്ധത്തൊഴിലാളികൾക്കും ധനസഹായം അനുവദിക്കുന്നതാണ്.

1. ഉത്രാടം തിരുന്നാൾ ആശുപത്രി, തിരുവനന്തപുരം
2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, ഇടപ്പള്ളി, എറണാകുളം
3. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
4. വെസ്റ്റ്ഫോർട്ട് ഹോസ്പിറ്റൽ/ഹൈടെക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ
5. കോട്ടക്കൽ ആര്യവൈദ്യശാല (തളർവാതത്തിനു മാത്രം)

ഡയാലിസിസ്, കാൻസർ ചികിത്സ, തളർവാതം, സ്ത്രീസംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നിവയ്ക്ക് മത്സ്യബോർഡിന്റെ മാരകരോഗ ചികിത്സാ പദ്ധതിയിൽ യഥാക്രമം വൃക്കരോഗം, കാൻസർ/തലച്ചോറിലെ ട്യൂമർ, തളർവാതം, ഗർഭാശയ രോഗങ്ങൾ എന്നിവക്ക് ആനുകൂല്യം ലഭിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്.

മത്സ്യബോർഡിന്റെ മാരകരോഗ ചികിത്സാ പദ്ധതി പ്രകാരം സഹായം ലഭിക്കാതിരുന്നവർ തീരാരോഗ്യം പദ്ധതി പ്രകാരം അപേക്ഷിക്കുമ്പോൾ അപേക്ഷ തീയതിക്ക് ഒരു വർഷം മുമ്പെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട രോഗങ്ങൾ ബാധിച്ച് ചികിത്സയിലായിരുന്നു എന്ന് സർക്കാർ സേവനത്തിലുള്ള വിദഗ്ദ്ധ ഡോക്ടറുടെ/മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം കൂടി ഹാജരാക്കേതാണ്. ഈ സാക്ഷ്യപത്രങ്ങൾ താഴെ പറയുന്ന വിദഗ്ദ്ധരിൽ നിന്നും ഹാജരാക്കേതാണ്.

| | | |
|---|---|---|
| 1. ഡയാലിസിസ് | – | നെഫ്രോളജിസ്റ്റ്/യൂറോളജിസ്റ്റ് |
| 2. കാൻസർ | – | ഓങ്കോളജിസ്റ്റ് |
| 3. തളർവാതം/കിടപ്പുരോഗം | – | സിവിൽ സർജൻ/കൺസൽട്ടന്റ് |
| 4. സ്ത്രീ സംബന്ധമായ രോഗങ്ങൾ | – | ഗൈനക്കോളജിസ്റ്റ് |
| 5. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്കുശേഷം ഉള്ള ചികിത്സ | – | കാർഡിയോളജിസ്റ്റ് |
| 6. കരൾ രോഗങ്ങളുടെ ചികിത്സ (സിറോസിസ്) | – | ഗാസ്ട്രോ എന്ററോളജിസ്റ്റ് |
| 7. ഓട്ടിസം ബാധിച്ച/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സ | – | മെഡിക്കൽ ബോർഡ് |

**പദ്ധതി നടപ്പാക്കുന്ന വിധം**

അപേക്ഷകന്റെ യോഗ്യത നിശ്ചയിക്കുന്നത് താഴെപറയുന്ന അംഗങ്ങൾ അടങ്ങിയ ജില്ലാതല കമ്മറ്റിയാണ്.

1. മേഖലാ എക്സിക്യൂട്ടീവ്, മത്സ്യബോർഡ്

2. ജില്ലാ ഫിഷറീസ് ഓഫീസർ
3. ജില്ലാ മാനേജർ, മത്സ്യഫെഡ്

അപേക്ഷകൾ രോഗിയോ രോഗിയുടെ ആശ്രിതരോ അതാത് ജില്ലയിലെ മത്സ്യ ബോർഡിലെ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. ഫിഷറീസ് ഓഫീസർ അപേക്ഷയോടൊപ്പം സമർപ്പിച്ച ബില്ലുകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് അപേക്ഷ ശുപാർശ ചെയ്യുന്നു. പ്രസ്തുത അപേക്ഷയും രേഖകളും മത്സ്യബോർഡ് മേഖല എക്സിക്യൂട്ടീവ് പരിശോധിച്ച് അനുവദിക്കാവുന്ന തുക ശുപാർശ ചെയ്യുന്നു.

മേഖല എക്സിക്യൂട്ടീവ് ജില്ലാതല കമ്മറ്റി മുമ്പാകെ ലഭ്യമായ അപേക്ഷകൾ വെക്കുകയും കമ്മറ്റി ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകന്റെ യോഗ്യത നിർണ്ണയിക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേഖലാ എക്സിക്യൂട്ടീവ് അപേക്ഷകന് ചികിത്സാ സഹായം അനുവദിക്കുന്നു.

**അനുബന്ധം-2**

| ക്രമ നം. | രോഗ ചികിത്സ | തീരാരോഗ്യം പദ്ധതി |
|---|---|---|
| 1 | കാൻസർ | 50,000/- രൂപ പരമാവധി |
| 2 | തളർവാതം / കിടപ്പുരോഗം | 20,000/- രൂപ പരമാവധി |
| 3 | ഗർഭാശയ സംബന്ധമായ രോഗം | 10,000/- രൂപ പരമാവധി |
| 4 | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കു ശേഷം ഉള്ള ചികിത്സ | 25,000/- രൂപ പരമാവധി |
| 5 | ഡയാലിസിസ് | 50,000/- രൂപ പരമാവധി |
| 6 | കരൾ രോഗം | 20,000/- രൂപ പരമാവധി |
| 7 | ഓട്ടിസം / മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ | 10,000/- രൂപ പരമാവധി |

## അനുബന്ധം-3

| | | |
|---|---|---|
| a | അപകട മരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| e | അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |